"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - വളാഞ്ചേരി ടൂറിസ്റ്റ് ബംഗ്ളാവും സ്ഥലവും ഉപയോഗിക്കുന്നതിന് കാട്ടിപ്പരുത്തി പഞ്ചായത്തിന് അനുവദിച്ച സർക്കാർ ഉത്തരവുകൾ റദ്ദ് ചെയ്ത് ടി ടൂറിസ്റ്റ് ബംഗ്ളാവും കെട്ടിടവും സർക്കാർ ഏറ്റെടുത്ത് വൈക്കത്തൂർ അംശം, റീ സർവ്വേ നമ്പർ 119/6-ൽ പ്പെട്ട 21.45 ആർ ഭൂമിയ്ക്ക് ആർ ഒന്നിന് 6,00,000/- രൂപ നിരക്കിൽ 1,28,70,000 /- രൂപ കമ്പോള വില നിശ്ചയിച്ച്, വർഷം കമ്പോള വിലയുടെ 2% നിരക്കു പ്രകാരം പാട്ടത്തുക നിശ്ചയിച്ച് പാട്ടം അനുവദിച്ച് ഉത്തരവാകുന്നു.

റവന്യൂ(പി) വകുപ്പ്

സ.ഉ.(കൈ) നം.310/2020/റവ. തീയതി,തിരുവനന്തപുരം, 29/12/2020

പരാമർശം:- 1 08.01.1972 - തീയതിയിലെ ജി.ഒ (എം.എസ്) നമ്പർ.12/1972/റവ നമ്പർ സർക്കാർ ഉത്തരവ്.
2. 17.07.1974 - തീയതിയിലെ ജി.ഒ (എംഎസ്) നം.230/74/റവ നമ്പർ സർക്കാർ ഉത്തരവ്.
3. വളാഞ്ചേരി നഗരസഭാ ചെയർപേഴ്സന്റെ 01.08.2017, 28.01.2020 എന്നീ തീയതികളിലെ എ1/7203/17 നമ്പർ കത്തുകൾ.
4. ലാന്റ് റവന്യൂ കമ്മീഷണറുടെ 10.01.2019, 03.09.2019, 14.08.2020 തീയതികളിലെ LRJ5-60357/18 നമ്പർ കത്തുകൾ.

## ഉത്തരവ്

പരാമർ ശം (1), (2) സർക്കാർ ഉത്തരവുകൾ പ്രകാരം വളാഞ്ചേരി, വൈക്കത്തൂരിൽ പ്രവർത്തിച്ചിരുന്ന ടി.ബി കെട്ടിടവും സ്ഥലവും അന്നത്തെ വളാഞ്ചേരി (കാട്ടിപ്പരുത്തി) പഞ്ചായത്തിന് വ്യവസ്ഥകൾക്ക് വിധേയമായി കൈമാറി നല്കിയിരുന്നു. ടി കെട്ടിടവും സ്ഥലവും സൂചന (1), (2) സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ ലഘൂകരിച്ച് പുതിയ നഗരസഭാ കാര്യാലയം പണിയുന്നതിന് വളാഞ്ചേരി നഗരസഭയ്ക്ക് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് നഗരസഭാ ചെയർമാൻ പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. കാട്ടിപ്പരുത്തി പഞ്ചായത്ത് ആദ്യം വളാഞ്ചേരി പഞ്ചായത്ത് ആയിട്ടുള്ളതും പിന്നീട് മുൻസിപ്പാലിറ്റി ആയി മാറിയിട്ടുള്ളതുമാണ്.

2. വളാഞ്ചേരി മുൻസിപ്പാലിറ്റിക്ക് കെട്ടിടം പണിയുന്നതിന് മറ്റു ഭൂമി നിലവിലില്ലാത്തതിനാൽ, ടി ഭൂമി, മുൻസിപ്പാലിറ്റിയുടെ കെട്ടിട നിർമ്മാണത്തിന് അനുയോജ്യമാണെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും വളാഞ്ചേരി ടൂറിസ്റ്റ് ബംഗ്ളാവ് നിലനിന്നിരുന്ന വൈക്കത്തൂർ അംശം റീ സർവ്വേ നമ്പർ 119/6-ൽ പ്പെട്ട 5 3 സെന്റ് ഭൂമിയിൽ വളാഞ്ചേരി നഗരസഭാ കാര്യാലയം പണികഴിപ്പിക്കുവാൻ അനുമതി നൽകുന്നതിന് പരാമർശം (1), (2) എന്നീ ഉത്തരവുകളിലെ നിബന്ധനകൾ ലഘൂകരിക്കാവുന്നതാണ്. മലപ്പുറം ജില്ല, തിരൂർ താലൂക്ക്, കാട്ടിപ്പരുത്തി വില്ലേജ്, സർവ്വേ 119/6ൽ ഉൾപ്പെട്ട 21.45 ആർ ഭൂമി, വില്ലേജ് റിക്കാർഡുകൾ പ്രകാരം "പുറമ്പോക്ക്" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപേക്ഷയ്ക്കാസ്പദമായ വസ്തുവിന് സമാനമായ, സർ വ്വേ 106/3-ൽ ഉൾപ്പെട്ട പട്ടയ ഭൂമിക്ക് ആർ ഒന്നിന് ₹1,50,000/ - രൂപ ന്യായവിലയുണ്ട് എന്നതിനാൽ അപേക്ഷ വസ്തുവിന് ന്യായവില, നാളിതുവരെയുള്ള വർദ്ധനവുകൾ കൂടി പരിഗണിച്ച് ആറൊന്നിനു ₹3,00,000/- ലക്ഷം രൂപയായും, ജി.ഒ (പി) നം.174/2011/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ടി വസ്തുവിന്റെ കമ്പോളവില ആറൊന്നിനു ₹6,00,000/- രൂപയായും കണക്കാക്കാവുന്നതാണെന്നും അപ്രകാരം 21.45 ആർ ഭൂമിക്ക് ₹1,28,70,000/ -രൂപ കമ്പോള വില നിശ്ചയിച്ച് സർക്കാർ നിശ്ചയിക്കുന്ന 2 % പാട്ടത്തുകയിൽ ഭൂമി പാട്ടത്തിനു കൈമാറാവുന്നതാണെന്ന് പരാമർശം (4) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1), (2) സർക്കാർ ഉത്തരവുകൾ റദ്ദ് ചെയ്ത്, വളാഞ്ചേരി പഞ്ചായത്തിന് റവന്യൂ വകുപ്പ് കൈമാറിയിട്ടുള്ള വളാഞ്ചേരി ടൂറിസ്റ്റ് ബംഗ്ലാവ് കെട്ടിടവും 5 3 സെന്റ് സ്ഥലവും സർക്കാരിലേക്ക് ഏറ്റെടുത്തു കൊണ്ടും ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്ത പ്രകാരം വൈക്കത്തൂർ അംശം, റീ സർവ്വേ നമ്പർ 119/6-ൽ പ്പെട്ട 21.45 ആർ ഭൂമിയ്ക്ക് ആർ ഒന്നിന് 6,00,000/- രൂപ നിരക്കിൽ 1,28,70,000 /- രൂപ കമ്പോള വില നിശ്ചയിച്ച്, 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂ പതിവ് ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾക്ക്

# File No.REV-P3/150/2017-REV

വിധേയമായും ടി ചട്ടത്തിലെ 21 (1) എന്ന ചട്ടത്തിലെ സർക്കാരിന്റെ സവിശേഷാധികാരം ഉപയോഗിച്ച് കൊണ്ട് ചട്ടം 12 (i) (e) എന്ന വ്യവസ്ഥ (പരമാവധി മൂന്ന് വർഷത്തേക്ക് പാട്ടം അനുവദിക്കാവൂ എന്ന വ്യവസ്ഥ) ഇളവ് ചെയ്തു കൊണ്ടും താഴെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായും, 30 വർഷത്തേക്ക് പാട്ട വ്യവസ്ഥയിൽ ഭൂമി കൈമാറി, പ്രസ്തുത ഭൂമി 28.01.2016-ലെ ജി.ഒ (പി) നം.64/2016/റവ നമ്പർ സർക്കാർ ഉത്തരവിലെ ചട്ടം 7 (iv) പ്രകാരം വർഷം കമ്പോള വിലയുടെ 2% നിരക്കു പ്രകാരം പാട്ടത്തുക നിശ്ചയിച്ച് പാട്ടം അനുവദിച്ച് ഉത്തരവാകുന്നു.

1. ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ. ഭൂമി അനുവദിക്കുന്നത് വളാഞ്ചേരി മുനിസിപ്പാലിറ്റിക്ക് പുതിയ കാര്യാലയം പണി കഴിപ്പിക്കുന്നതിന് വേണ്ടി മാത്രമാണ്.
2. മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ പ്രസ്തുത ഭൂമിയിൽ പാടില്ല.
3. ഭൂമി പാട്ടത്തിനു നൽകാനോ ദുരുപയോഗപ്പെടുത്താനോ ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ പാടുള്ളതല്ല.

ഇതനുസരിച്ച് നിയമാനുസൃത തുടർനടപടി മലപ്പുറം ജില്ലാ കളക്ടർ തീരുമാനിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ.എ.എസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, വളാഞ്ചേരി നഗരസഭ, മലപ്പുറം
ജില്ലാ കളക്ടർ, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) , കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A & E) , കേരള, തിരുവനന്തപുരം.
ഐ & പി. ആർ. ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by Kadeeja A A
Date: 2020.12.29 14:18:03 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പി.എസ്-ന്
ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
പൊതുഭരണ (എസ്.സി) വകുപ്പിന്
ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്